"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനം- അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.വി. ജിസിയുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.1972/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 20/10/2020

---

പരാമർശം:- 1 സ.ഉ.(ആർ.ടി.) നം. 2634/2016/തസ്വഭവ. തീയതി 07/09/2016

2 സ.ഉ.(ആർ.ടി.) നം. 2927/2017/തസ്വഭവ. തീയതി 25.08.2017

3 സ.ഉ.(ആർ.ടി.) നം. 2431/2018/തസ്വഭവ. തീയതി 17.09.2018

4 സ.ഉ.(ആർ.ടി.) നം. 1872/2019/തസ്വഭവ. തീയതി 30.08.2019

5 സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ 25/08/2020-ലെ 4/2018-എ1 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ പരാമർശം (1) പ്രകാരം 19.09.2016 മുതൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതും പരാമർശം (2), (3), (4) എന്നിവ പ്രകാരം മൂന്നു തവണകളിലായി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമായ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. വി.ജിസിയുടെ അന്യത്രസേവന കാലാവധി 18.09.2020-ൽ അവസാനിക്കുകയാണെന്നും അതിനാൽ 19.09.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി ജിസി വി. യുടെ അന്യത്ര സേവന കാലാവധി 19.09.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിൽ വകുപ്പിന് ആക്ഷേപമില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുള്ളതുമാണ്.

2. മേൽ സാഹചര്യത്തിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി ജിസി വി. യുടെ അന്യത്ര സേവന കാലാവധി, നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 19.09.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. ജിസി വി. , അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ,

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ